**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 551** **17-09-2025 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വിഹിതത്തിലെ കുറവുമൂലം സംസ്ഥാനത്തെ സാമ്പത്തിക അസ്ഥിരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം നൽകാതെ സംസ്ഥാനത്തെ സാമ്പത്തികമായി അസ്ഥിരപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ ശ്രമിക്കുന്നു എന്നുള്ള ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവും, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/ naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതും സംസ്ഥാനത്ത് പണ ഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ട്. പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ (SPVs) എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയ കേന്ദ്രസർക്കാർ നിലപാടുകളും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കത്തിന് കാരണമായിട്ടുണ്ട്. |
| (ബി) | കേന്ദ്ര വിഹിതത്തിലെ കുറവുമൂലം പദ്ധതി നിർവ്വഹണം തടസ്സപ്പെടാതിരിക്കുവാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും പദ്ധതി ചെലവുകൾക്ക മുൻഗണനാക്രമം നിശ്ചയിച്ചു കൊണ്ടും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. |
| (സി) | ജനങ്ങളുടെ വാങ്ങൽ ശേഷി വളർത്തുന്നതിനും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാരിന്റെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ 2023-ൽ കൊണ്ടുവന്ന പുതിയ വ്യവസായ നയം, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് (MSME) പ്രോത്സാഹനം നൽകുന്നതിനുള്ള സംരംഭക സഹായ പദ്ധതികൾ, തൊഴിൽ നൈപുണ്യ വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയിട്ടുള്ള പരിശീലന പരിപാടികൾ, വനിതാ സംരംഭകർക്ക് നൽകി വരുന്ന പ്രത്യേക |

| | | | |
|---|---|---|---|
| | | | പ്രോത്സാഹനം, സാമ്പത്തിക സഹായം എന്നിവ വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മെച്ചപ്പെട്ട വേതനം ഉറപ്പ് വരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിപണിയിലെ സർക്കാരിന്റെ സജീവ ഇടപെടൽ മൂലം വിലക്കയറ്റം ഒരു പരിധി വരെ തടഞ്ഞു നിർത്താനായിട്ടുണ്ട്.<br><br>സാമ്പത്തിക അസമത്വത്തിനെതിരെയും ദാരിദ്ര്യത്തിനെതിരെയും പൊരുതുന്നതിന് ജനങ്ങൾക്ക് നേരിട്ട് സൗകര്യങ്ങൾ എത്തിക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.<br><br>കേന്ദ്രം തുടർന്ന് വരുന്ന നയങ്ങൾക്ക ബദലായി കേരള മാതൃകയെ വളർത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്തിന്റെ സാധ്യതകളാകെ ഉപയോഗിച്ച് പൊതു-സ്വകാര്യ മൂലധന നിക്ഷേപം ശക്തിപ്പെടുത്തി, പദ്ധതികൾ അതിവേഗം നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കുന്നത്. ചുരുങ്ങിയ കാലത്തിനുള്ളിൽ പൂർത്തിയാക്കാവുന്നതും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതുമായ മേഖലകൾ, ഇടക്കാല-ദീർഘകാല പദ്ധതികൾ എന്നിവയ്ക്കാണ് മുൻഗണന നൽകി വരുന്നത്. ഇത്തരം ഇടപെടലുകളിലൂടെ ജനങ്ങളുടെ വാങ്ങൽ ശേഷി വളർത്തുന്നതിനും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ